HON BEL Mr. N. KUNJURAMAN : ആ കാരണം കൊണ്ടാണെന്നു തോന്നുന്നില്ല.

MR. MANNAR GOPALAN NAIR (*Tiruvella I—General*) : ട്രെയിനിംഗിനു പഠിച്ചുകൊണ്ടിരിക്കുന്ന ആളുകളെ അദ്ധ്യാപകന്മാരായിട്ട് നിയമിക്കുന്ന പതിവില്ലേ?

HON'BLE MR. N. KUNJURAMAN : അതിനെപ്പറ്റി എനിക്കറിയാൻ പാടില്ല.

MR. EAPPEN ARAKKAL : നല്ല വയസ്സ എന്നുള്ളതു് കുറെയൊക്കെ കുറക്കുന്നപക്ഷം അദ്ധ്യാപകന്മാരെ ആവശ്യമുള്ളിടത്തോളം കിട്ടുമെന്നുള്ളതു് ഗവണ്മെൻറിനറിഞ്ഞു കൂടെ ?

HON'BLE MR. N. KUNJURAMAN: അതിനെപ്പറ്റി ഗവണ്മെൻറ് ആലോചിക്കാം.

MR. EAPPEN ARAKKAL : ട്രെയിനിംഗ് സിലിച്ച റീച്ചേഴ്സിനെ കിട്ടിയില്ലെങ്കിൽ അതില്ലാത്ത ടീച്ചേഴ്സിനെ നിയമിച്ചു കൂടെ?

HON'BLE MR N KUNJURAMAN : അതിനെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുന്നതാണു്.

*"Brahmin Kitchen" in the Alwaye Rest House Compound.*

*580. MR. PAUL THALIATH (*Parur III—General*): Will the Hon'ble Minister for Public Works be pleased to state:

(*a*) whether he is aware that there is a fairly large building in the Alwaye Rest House Compound set apart exclusively as "Brahmin Kitchen"; and

(*b*) if the answer to part (*a*) is in the affirmative, whether he is aware that this building was constructed recently?

HON'BLE MR. K. R. ELANKATH: (*a*) There is no building set apart exclusively as "Brahmin Kitchen".

(*b*) Does not arise in view to answer to part (*a*).

MR. PAUL THALIATH : അങ്ങിനെയാണെങ്കിൽ കിച്ചൻറെ ആവശ്യത്തിലേയ്ക്കു് പ്രത്യേക വല്ല സൗകര്യവും ചെയ്തിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : വെജിറേറിയൻസിനുവേണ്ടി ഒരു കിച്ചൻ അവിടെയുണ്ടു്.

MR. D. GNANASIGAMONI: Is it the intention of Government to do away with Brahmin Kitchens?

HON'BLE MR. K. R. ELANKATH : വെജിറേറിയൻ കിച്ചനാണു അവിടെയുള്ളതു്. അതല്ലാതെ ബ്രാഹ്മിൻ കിച്ചനല്ല. അങ്ങനെയൊരു ബ്രാഹ്മിൻകിച്ചൻ ഉണ്ടാക്കണമെന്നു വിചാരിക്കുന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. PAUL THALIATH : വെജിറേറിയൻ കിച്ചൻ എന്ന് പ്രത്യേകം നാമകരണം ചെയ്യാൻ വല്ല കാരണവും ഉണ്ടോ?

HON'BLE MR. K. R. ELANKATH : പ്രത്യേക കാരണങ്ങളൊന്നുമില്ല.

## കഴവൂർതോട്ടിലെ മരപ്പാലം

*581. MR. S. KUTTAN (*Neyyattinkara I—General*) : താഴെ പറയുന്നചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

വിഴിഞ്ഞം-പൂവാർ റോഡിൽ നാലാംമൈൽക്കുറ്റിക്കു സമീപംസ്ഥിതിചെയ്യുന്ന കഴവൂർതോട്ടിലെ മരപ്പാലം അറ്റകുറ്റപ്പെട്ടു കിടക്കുന്നതു മാറ്റി ഒരു നല്ല കല്വംകം പാലവും തീർത്തുകിട്ടണമെന്ന നാട്ടുകാർ ആവശ്യപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH. അവിടെ ഒരു മരപ്പാലം ഉപയോഗശൂന്യമായി കിടന്നിരുന്ന കാര്യം അറിയാം. ആ പാലം ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. ആ പാലത്തിനെ മാറ്റിയിട്ട് ഒരു നല്ല പാലംപണിയുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയാറാക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

MR. S. KUTTAN : ഈപാലത്തിലുള്ള മിക്ക പലകകളും ഒടിഞ്ഞുപോയിരിക്കുന്ന എന്നുള്ള വസ്തുത ബഹുമാനപ്പെട്ടമന്ത്രി മനസ്സിലാക്കിയിട്ടില്ലേ?

HON'BLE MR. K. R. ELANKATH : ഒടിഞ്ഞുപോയിരിക്കുന്ന എന്നുള്ള വസ്തുത അറിയാം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അതു നന്നാക്കുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുന്നു എന്ന്.

## ഓവർ ലോഡ്.

*582. MR. S. KUTTAN : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

ട്രാൻസ്പോർട്ട ബസ്സുകളിൽ ക്ലിപ്പപ്പെട്ടിയിട്ടുള്ള കപ്പാസിറ്റിയിൽ കവിഞ്ഞു യാത്രക്കാരെ കുത്തിലധികം കയറ്റി ഓവർലോഡു ചെയ്യുന്നതിന് കാരണം എന്തു?

HON'BLE MR. K. R. ELANKATH : ബസ്സുകളുടെ എണ്ണം കുറവായതുകൊണ്ടാണ് ഓവർലോഡിന് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ ഓവർലോഡിംഗ് കുറെ കുറച്ചിട്ടുണ്ട്.

MR. KANNARA GOPALA PANICKER : ഇപ്പോൾ എത്ര ആളുകളെ കയറ്റാമെന്നാണ് വച്ചിരിക്കുന്നത്?

HON'BLE MR. K. R. ELANKATH : ൨൫ ശതമാനം ഓവർലോഡിംഗ് ആണ് അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly